# ‘നമ്മെ കാണുന്നവനായ ഒരു ദൈവം’

## ഉല്പത്തി 16:13

“എന്നാറെ അവൾ: എന്നെ കാണുന്നവനെ ഞാൻ ഇവിടെയും കണ്ടുവോ എന്നു പറഞ്ഞു തന്നോടു അരുളിച്ചെയ്ത യഹോവെക്കു: ദൈവമേ, നീ എന്നെ കാണുന്നു എന്നു പേർ വിളിച്ചു.”

അബ്രഹാം തന്റെ ഭാര്യയായ സാറായിയുടെ വാക്ക് അനുസരിച്ച് ഹാഗാർ എന്ന മിസ്രയീമ്യദാസിയെ കൈക്കൊണ്ടു. എന്നാൽ ഹാഗാർ ഗർഭം ധരിച്ചു എന്നു കണ്ടപ്പോൾ അവൾ തന്റെ ജയമാനത്തിയുടെ കണ്ണിനു നിന്ദിതയായി. സാറായി അവളോടു ഹൃദയകാഠിന്യം തുടങ്ങിയപ്പോൾ അവൾ ഓടിപ്പോയി എന്ന് ദൈവവചനം പറയുന്നു. (Genesis 16:13) അങ്ങനെ മരുഭൂമിയിലേക്ക് ഓടിപ്പോയ ഹാഗാറിന്റെ അടുത്ത് ദൈവദൂതൻ കടന്നുവരികയും അവൾ തിരികെ യജമാനത്തിയുടെ അടുത്തേക്ക് മടങ്ങിപ്പോകാനുള്ള ദൈവിക അരുളപ്പാട് കൊടുക്കുകയും ചെയ്തു. തന്റെ സന്തതിയെപ്പറ്റിയുള്ള ദൈവത്തിന്റെ പദ്ധതി ദൂതൻ ഹാഗാറിനെ അറിയിക്കുന്നു. അപ്പോൾ അവൾ പറയുന്ന വാക്കുകളാണ് നാം ദൈവവചനത്തിലൂടെ ഇന്നു കണ്ടത്.

‘എന്നെ കാണുന്നവനെ ഇവിടെയും കണ്ടുവോ’ എന്ന ചോദിച്ച് ആശ്ചര്യപ്പെടുന്ന ഹാഗാർ അവളുടെ കണ്ണിന് വിശ്വസിക്കാൻ പറ്റാത്തവണ്ണം അതിശയകരമായ ദൈവസാന്നിധ്യം ദർശിക്കുന്നു. ഈ വാക്യം വായിക്കുമ്പോൾ തീർച്ചയായും നമുക്ക് മനസ്സിലാകും, അവൾ അന്നുകണ്ട ദൈവസാന്നിധ്യം ഇതിനു മുമ്പും തിരിച്ചറിഞ്ഞിട്ടുണ്ടെന്ന്. ദൈവം എന്നെ ഇവിടെയും കണ്ടുവല്ലോ എന്ന് ഓർത്തുപോകുന്നു. എവിടെപ്പോയാലും നമ്മെ കാണുന്നവനായ ഒരു ദൈവം. നമ്മുടെ അവസ്ഥകളെ പൂർണ്ണമായി മനസ്സിലാക്കുന്നവനായ ദൈവം. അത്ഭുതവും അതിശയകരവുമായ ദൈവത്തിന്റെ സർവ്വവ്യാപകമായ സാന്നിധ്യമാണ് നാം ഇവിടെ കാണുന്നത്.

ദൈവത്തിന്റെ കണ്ണിൽ ഒന്നും മറവല്ല. കയീനോടു ദൈവം ചോദിക്കുന്നു. ‘നിന്റെ അനുജനായ ഹാബേൽ എവിടെ?’. വീണ്ടും ദാവീദിനോട് നാഥാൻ പ്രവാചകൻ മുഖാന്തരം സംസാരിക്കുന്നതും നമുക്കറിയാം. ബേത്ത്ശേബയോട് ചെയ്ത പാപം അവൻ മറച്ചുവെച്ചെങ്കിൽ ദൈവത്തിന് ഒന്നും മറവല്ല എന്ന് വെളിപ്പെടുത്തും. അതേ പ്രിയരേ, നമ്മുടെ അവസ്ഥകളും, വേദനകളും, വിഷമങ്ങളും മാത്രമല്ല നമ്മുടെ ചിന്തകളെപ്പോലും മുഴുവനായി അറിയുന്നവൻ കർത്താവ് മാത്രമാകുന്നു.

പലപ്പോഴും ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിൽ അറിഞ്ഞോ അറിയാതെയോ ഒറ്റപ്പെടുമ്പോൾ, ഭാരപ്പെടുമ്പോൾ, വേദനിക്കുമ്പോൾ പലവിഷയങ്ങൾക്കും മറുപടി ലഭിക്കാതിരിക്കുമ്പോൾ ഒക്കെ ഈ ചോദ്യം നമ്മുടെ ഹൃദയത്തിൽ വരും. എന്റെ ദൈവം എന്നെ കാണുന്നുണ്ടോ. എന്നാൽ ഹാഗാറിന്റെ ജീവിതത്തിൽ ഇടപെട്ട ദൈവം ഇന്നും നമുക്കുവേണ്ടി ജീവിക്കുന്നു. നമ്മെ കാണുന്നു, അറിയുന്നു, പ്രവർത്തിക്കുന്നു. അതാണ് ഒരു ദൈവപൈതലിന്റെ ജീവിതത്തിലെ ഏറ്റം വലിയ ആശ്വാസം. കാരാഗൃഹത്തിലൂടെ കയറ്റിവിട്ടാലും വിടുവിക്കുന്ന ഒരു നല്ല ദൈവം നമുക്കുണ്ട്. അതുകൊണ്ടാണ് ഹാഗാർ സാക്ഷ്യപ്പെടുത്തിയത് എന്നെ കണ്ടെത്തിയവനെ ഞാൻ ഇവിടെയും, എവിടെയും, എല്ലായിടവും കാണുന്നു. എത്ര ഭാരമേറിയ വിഷയമായാലും നമുക്ക് അതിന്റെ നടുവിൽ നിന്നുകൊണ്ട് ഇതുപോലെ ദൈവത്തെ സാക്ഷ്യപ്പെടുത്താം. എന്നെ കഴിഞ്ഞകാലങ്ങളിൽ കണ്ടവൻ എന്റെ അവസ്ഥയെയും കാണുന്നു. അതേ ഇപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു. ജീവിതത്തിൽ ഇടപെടാൻ കഴിയുന്നവൻ, രൂപാന്തരം വരുത്തുന്നവൻ, വ്യതിയാനങ്ങൾ ഉണ്ടാക്കുന്നവൻ അവൻ മാത്രമാകുന്നു.

മൂന്നുപ്രാവശ്യം പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞു കഴിയുമ്പോൾ ‘കർത്താവ് തിരിഞ്ഞ് അവനെ ഒന്നു നോക്കി’ എന്ന് ദൈവവചനം പറയുന്നു. അതേ, അവൻ കർത്താവിനെ തള്ളിപ്പറയും മുമ്പുതന്നെ യേശുകർത്താവിന് പത്രോസിന്റെ ഉള്ള് അറിയാമായിരുന്നു. ആ നോട്ടത്തിലൂടെ പത്രോസിന് ദൈവത്തിന്റെ ആഴമേറിയ സാന്നിധ്യം അറിയുവാൻ സാധിച്ചു. അതേ, ക്രൂശിൽ കിടന്നുകൊണ്ടുള്ള കർത്താവിന്റെ വ്യക്തിപരമായ ഒരു നോട്ടം നമ്മോടു പറയുന്ന ഒരു സന്ദേശം ഉണ്ട്. ഞാൻ അനുഭവിക്കുന്ന ഈ യാതന അവന്റെ നിസ്സഹയാവസ്ഥകൊണ്ടല്ല, മറിച്ച് ഞാൻ ഇത് നിനക്കുവേണ്ടി, സ്വന്ത ഇഷ്ടത്താലേ തിരഞ്ഞെടുത്തതാകുന്നു. നമ്മെ ഓരോരുത്തരെയും രക്ഷിക്കാനുള്ള നോട്ടം. എത്ര വലിയ സ്നേഹത്തിന്റെ ആഴമായ നോട്ടം ആകുന്നു.

ജീവൻ പോലും വെച്ചുതരാമെങ്കിൽ അവൻ അറിയാത്തതായി ഒന്നുമില്ല. 139-ാം സങ്കീർത്തനത്തിൽ പറയുന്നതുപോലെ പിണ്ഡാകാരമായിരുന്നപ്പോൾ അവന്റെ കണ്ണ് നമ്മെ കണ്ടതാണ്. ദൈവത്തിന്റെ പരിജ്ഞാനമാണ് നമ്മെ സൃഷ്ടിച്ചത്. അവന്റെ മക്കളായി നമ്മെ മെനഞ്ഞുവെങ്കിൽ വഴിയിൽ ഉപേക്ഷിച്ച്, മരുഭൂമിയിൽ വലയുവാൻ ഒരിക്കലും നല്ല അപ്പൻ അനുവദിക്കില്ല. ഹാഗാറിന്റെ അടുത്തേയ്ക്ക് ദൈവദൂതനെ അയച്ച് ശക്തിപ്പെടുത്തിയതുപോലെ നമുക്കും ഈ ദൈവസാന്നിധ്യം സദാ വാഗ്ദത്തം ചെയ്തിരിക്കയാൽ സ്തോത്രം ചെയ്യാം. കർത്താവിനു നന്ദി കരേറ്റി ജീവിക്കാം.

പരാമർശം :

ഇയ്യോബ് 34:21

**അവന്റെ ദൃഷ്ടി മനുഷ്യന്റെ വഴികളിന്മേൽ ഇരിക്കുന്നു; അവന്റെ നടപ്പു ഒക്കെയും അവൻ കാണുന്നു.**

**സിസ്റ്റർ ബിന്ദു റെജി അയ്മനം 104**